**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 686** **09-06-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം രൂക്ഷമായ ശ്രീകണ്ഠപുരം നഗരസഭയിലും ചെങ്ങളായി പഞ്ചായത്തിലും ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (എ) | ശ്രീകണ്ഠപുരം മുൻസിപ്പാലിറ്റിയിലെ നിടിയേങ്ങ വില്ലേജിലേക്കുള്ള കുടിവെള്ള വിതരണ പദ്ധതിക്കായി സർവ്വേ നടപടികൾ പൂർത്തിയാക്കി വിശദമായ പ്രോജെക്റ്റ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നുമാണ് ഈ പദ്ധതിക്കാവശ്യമായ കുടിവെള്ളം ലഭ്യമാക്കുക. ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലെ രണ്ടാമത്തെ വില്ലേജായ ശ്രീകണ്ഠപുരം വില്ലേജിൽ നിലവിൽ ഇരിക്കൂർ ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നുമാണ് ശുദ്ധജല വിതരണം നടത്തുന്നത് . ചെങ്ങളായി പഞ്ചായത്തിലെ എല്ലാ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതി ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് 2021 -22 ൽ പ്രവർത്തി ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് . |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നല്ലാതെ ബദൽ നിർദ്ദേശങ്ങളോ പദ്ധതികളോ സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ? | (ബി) | ബദൽ പദ്ധതികളുടെ ആവശ്യകത ഇപ്പോൾ നിലവിലില്ല . |

സെക്ഷൻ ഓഫീസർ